9 (*458) വിവിധ വന്യജീവി സങ്കേതങ്ങളെ ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാര പദ്ധതി

ശ്രീ. എം.എ. തോമസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വന്യജീവി സങ്കേതങ്ങളെ ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാര പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രത്യേക പദ്ധതിയുടെ സവിശേഷതകൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ വന്യജീവി സങ്കേതങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ ഇ. ചന്ദ്രശേഖരൻ നായർ) :

(എ)മുതൽ(ഇ)വരെ സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ വനം വകുപ്പിന്റെ അധീനതയിലായതിനാൽ ഇക്കാര്യത്തിൽ ടൂറിസം വകുപ്പ് നേരിട്ട് പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ, വന്യജീവി സങ്കേതങ്ങളിലും വിനോദസഞ്ചാര സാദ്ധ്യതയുള്ള മറ്റു വന പ്രദേശങ്ങളിലും പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം വനംവകുപ്പിന് കീഴിൽ ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള ഒരു നിർദ്ദേശം വനംവകുപ്പ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതായും ഗവൺമെന്റ് അത് പരിഗണിച്ചുവരുന്നതായും (വനംവകുപ്പ്) മനസ്സിലാക്കുന്നു.

10 (*459) കായിക പരിശീലന നിയന്ത്രണം

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18-1-2000-നു ശേഷം കേരളത്തിലെവിടെയെങ്കിലും ആർക്കെങ്കിലും ആക്രമണത്തിന്റെയോ സ്വയരക്ഷയുടേയോ മാർഗ്ഗങ്ങൾ ഉൾക്കൊള്ളപ്പെടുന്ന കായികാഭ്യാസ പരിശീലനം നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly